**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **13-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ളതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കെ.എസ്.ഇ.ബി. ഓഫീസുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (എ) | പിറവം നിയോജക മണ്ഡലത്തിലെ എറണാകുളം ഇലക്ട്രിക്കൽ സർക്കിളിനു കീഴിലുള്ള ചോറ്റാനിക്കര, ആമ്പല്ലൂർ, അരക്കുന്നം, മുളന്തുരുത്തി സെക്ഷനുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പെരുമ്പാവൂർ സർക്കിളിനു കീഴിലുള്ള പിറവം, കൂത്താട്ടുകുളം സെക്ഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലും പാമ്പാക്കുട സെക്ഷൻ ഓഫീസ് വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.<br><br>പിറവം മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന് കീഴിൽ 110 കെ.വി സബ്സ്റ്റേഷൻ പിറവം, 110 കെ.വി സബ്സ്റ്റേഷൻ കൂത്താട്ടുകുളം എന്നീ സബ്സ്റ്റേഷനുകൾ മാത്രമാണുള്ളത്. പ്രസ്തുത സബ്സ്റ്റേഷനുകൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.എൽ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ